**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** **30-09-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തെ ആഗോള വ്യോമയാന ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തെ ഒരു ആഗോള വ്യോമയാന ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരളത്തെ ഒരു ആഗോള വ്യോമയാന ഹബ്ബായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരികയാണ്. ഇതിന്റെ ഭാഗമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് FICCI - യുമായി ചേർന്ന് 2025 ഓഗസ്റ്റ് മാസം കേരള എവിയേഷൻ സമിറ്റ് സംഘടിപ്പിച്ചിരുന്നു. ഈ ഉച്ചകോടിയുടെ ഭാഗമായി വ്യോമയാന മേഖലയിലെ പ്രധാന വിഷയങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു.<br><br>ഉച്ചകോടിയിൽ, പ്രവാസി മലയാളികളുടെയും അന്താരാഷ്ട്ര യാത്രക്കാരുടെയും ഗതാഗത സൗകര്യ വർദ്ധനവിനൊപ്പം കേരളത്തിൽ നിലവിലുള്ള വിവിധ മേഖലകളിലെ വികസന സാധ്യതകൾ കൂടി ചർച്ച ചെയ്യുകയുണ്ടായി.<br><br>ടൂറിസം, മെഡിക്കൽ ടൂറിസം, തീർത്ഥാടന ടൂറിസം, വാട്ടർ / അഡ്വഞ്ചർ ടൂറിസം, വിദ്യാഭ്യാസ സൗകര്യങ്ങൾ, പെരിഷബിൾ / നോൺ-പെരിഷബിൾ കാർഗോയുടെ കയറ്റുമതി തുടങ്ങിയ മേഖലകളിൽ വളർച്ച കൈവരിക്കുന്നതിനുള്ള സാധ്യതകളും ഉച്ചകോടി വിശദമായി ചർച്ച ചെയ്തു. |
| (ബി) | ഈ ലക്ഷ്യം കൈവരിക്കാനായി വ്യോമയാന ഉച്ചകോടിയിൽ നിന്നും ലഭിച്ച നിർദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | 1. പ്രാദേശിക കണക്റ്റിവിറ്റിയെ സംബന്ധിച്ച് സർക്കാർ നൽകുന്ന മാർഗ്ഗനിർദേശപ്രകാരം സംസ്ഥാനത്തെ എല്ലാ വിമാനത്താവള ഓപ്പറേറ്റർമാരും മറ്റ് ഏവിയേഷൻ മേഖലയിലെ പങ്കാളികളും ഒരു ടീമായി പ്രവർത്തിച്ച്, വ്യത്യസ്ത ടൂറിസം കേന്ദ്രങ്ങളെ വ്യോമയാന, ജല, റെയിൽ, റോഡ് ഗതാഗത മാർഗ്ഗങ്ങളിലൂടെ ഫലപ്രദമായി ബന്ധിപ്പിക്കണമെന്ന ആശയം ഉയർന്നു. യാത്രകൾ സുരക്ഷിതവും സൗകര്യപ്രദവുമായ രീതിയിൽ നടത്തപ്പെടുന്നതും ഉറപ്പാക്കും. |

| | | | |
|---|---|---|---|
| | | | 2. എയർപോർട്ടിലേക്ക് മെട്രോ കണക്ടിവിറ്റി, നെടുമ്പാശ്ശേരിയിൽ പ്രത്യേക റെയിൽവേ സ്റ്റേഷൻ, NHAI - അങ്കമാലി-കുണ്ടന്നൂർ റോഡ് വികസനം, പേഴ്സണലൈസ്ഡ് റാപ്പിഡ് ട്രാൻസിറ്റ് (POD), ടാക്സി ഓപ്പറേറ്റർമാർ, സീപോർട്ട്-എയർപോർട്ട് റോഡ് വികസനം എന്നിവയിലൂടെ സിറ്റി സൈഡ് കണക്ടിവിറ്റി (Cityside Connectivity)മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ടവരുമായി ചർച്ചകൾ പുരോഗമിക്കുകയാണ്.<br><br>3. കാർഗോ കയറ്റുമതിയെ സംബന്ധിച്ച്, പെരിഷബിൾ (കൃഷി ഉൽപ്പന്നങ്ങൾ, farm fresh to export) നോൺ- പെരിഷബിൾ ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി കേരള സർക്കാരും കേന്ദ്ര സർക്കാരും നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തുള്ള അന്താരാഷ്ട്ര വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുതിയ എയർലൈൻ സർവീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | Zett Fly Aviation, Star Air, Alhind Air എന്നിവർ സംസ്ഥാനത്തെ വിമാനത്താവളങ്ങളെ സമീപ സംസ്ഥാനങ്ങളിലെ വിമാനത്താവളങ്ങളുമായും ബന്ധിപ്പിക്കുന്ന സർവീസുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ട് വരികയാണ്. സീപ്ലെയിൻ സർവീസുകൾ ആരംഭിക്കുന്നതിനായുള്ള ചർച്ചകളും പുരോഗമിക്കുകയാണ്. ഡെ ഹാവിലാൻഡ് (De Havilland) കമ്പനി ഡെമോ ഓപ്പറേഷൻ നടത്തി കഴിഞ്ഞിട്ടുണ്ട്. കൂടാതെ, Vertical Take-off and Landing (VTOL) സർവീസുകളുമായി ബന്ധപ്പെട്ട ചർച്ചകളും പുരോഗമിക്കുകയാണ്. BluJ Aero Aviation-നുമായി എഗ്രിമെന്റ് ഒപ്പിടുകയും SARLA ഏവിയേഷനുമായി ചർച്ചകൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| (ഡി) | ഉച്ചകോടിയുടെ ഭാഗമായി കേരളത്തിൽ തൊഴിൽ അവസരങ്ങളും ടൂറിസം മേഖലയിലെ വളർച്ചയും എത്രത്തോളം വികാസം പ്രാപിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | കേരള ഏവിയേഷൻ സമ്മിറ്റ് 2025-ന്റെ പ്രധാന ലക്ഷ്യം സംസ്ഥാനത്തെ വിമാന ഗതാഗതവും സമഗ്രമായ ഏവിയേഷൻ ഇക്കോസിസ്റ്റവും മെച്ചപ്പെടുത്തുക എന്നതാണ്. ഇതിലൂടെ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, പരോക്ഷ തൊഴിൽ അവസരങ്ങൾ ഉണ്ടാകുകയും ചെയ്യും. അമേരിക്ക, യൂറോപ്പ് മുതലായ രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളോടൊപ്പം, തായ്‌ലാൻഡ്, മലേഷ്യ, ഇൻഡോനേഷ്യ, വിയറ്റ്നാം എന്നിവിടങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളെയും കൂടി ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ